**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2316**
**07/02/2019 ലെ മറുപടിയ്ക്ക്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനിൽ അക്കര | ഡോ. ടി.എം. തോമസ് ഐസക്, ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |

| Sl. No. | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | 2004 2009 വർഷങ്ങളിലെ ശമ്പള പരിഷ്കരണത്തിന്റെ അപാകതയുടെ അടിസ്ഥാനത്തിൽ ഓപ്ഷൻ നൽകിയ ഉദ്യോഗസ്ഥർക്ക് ആഡിറ്റ് തടസ്സവാദം മുഖേന ശമ്പളത്തിൽ കുറവ് വരുന്ന സാഹചര്യത്തിൽ റീ-ഓപ്ഷൻ അവസരം നൽകി ഉത്തരവായിട്ടുണ്ടോ; | ഉണ്ട്. 22/6/2018 ലെ സ.ഉ (പി) നം. 96/2018 ധന സർക്കാർ ഉത്തരവ് |
| (ബി) | ഓഡിറ്റ് തടസ്സവാദം എഴുതി ലഭിച്ചാൽ റീ ഓപ്ഷന് അനുമതി ലഭിക്കുമെന്ന് മനസ്സിലാക്കി സംഘടനാപരമായി സ്വാധീനമുപയോഗിച്ച് വകുപ്പ് തല ഓഡിറ്റ് ടീമിനെ സ്വാധീനിച്ച് ഉദ്യോഗസ്ഥർ ഓഡിറ്റ് തടസ്സവാദം എഴുതി വാങ്ങി റീ ഓപ്ഷൻ അർഹത നേടി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇല്ല |
| (സി) | ഒരു ജീവനക്കാരന് ഓഡിറ്റ് തടസ്സവാദം ഉണ്ടെന്ന കാരണത്താൽ റീ ഓപ്ഷന് അനുമതി നൽകുന്നതും അതേ തടസ്സവാദമുള്ളതും റീ ഓപ്ഷന് | ഏതൊരു ശമ്പളപരിഷ്കരണം നടപ്പിലാക്കുമ്പോഴും ആയതിന്റെ വ്യവസ്ഥകൾ മനസ്സിലാക്കി കൂടുതൽ ഫലപ്രദമായ രീതിയിൽ |

| | | |
|---|---|---|
| | അർഹതയുള്ളതുമായ മറ്റൊരു ജീവനക്കാരന്റെ കാര്യം ഓഡിറ്റ് പരിശോധിച്ചില്ലായെന്ന കാരണത്താൽ റീ ഓപ്ഷന് അനുമതി നിഷേധിക്കുന്നുവെന്നതും അനീതിയായി കരുതുന്നുണ്ടോ; | യുക്തിപൂർവ്വമായ ഒരു ഓപ്ഷൻ സമർപ്പിച്ച് ആനുകൂല്യം ലഭ്യമാക്കിയെടുക്കേണ്ടത് ഓരോ ജീവനക്കാരന്റെയും ഉത്തരവാദിത്വമാണ്. |
| (ഡി) | എങ്കിൽ അർഹരായ എല്ലാ ജീവനക്കാർക്കും 2004, 2009 വർഷങ്ങളിലെ ശമ്പള പരിഷ്കരണത്തിന്റെ അപാകതകളുടെ അടിസ്ഥാനത്തിൽ റീ ഓപ്ഷന് അനുമതി നൽകുന്ന കാര്യം അനുഭാവപൂർവ്വം പരിശോധിക്കുമോ? | 2004, 2009 കാലഘട്ടങ്ങളിലെ ശമ്പളപരിഷ്കരണങ്ങൾക്ക് വിവിധ കാലഘട്ടത്തിൽ റീ ഓപ്ഷൻ നൽകുവാനുള്ള അവസരം ജീവനക്കാർക്ക് നൽകിയിട്ടുണ്ടായിരുന്നു. ആയത് ഫലപ്രദമായ രീതിയിൽ പ്രയോജനപ്പെടുത്താത്ത സാഹചര്യത്തിൽ ഇനി അത് നൽകുന്ന കാര്യം തൽക്കാലം പരിഗണിക്കാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ